**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 845** **30-06-2022 - ൽ മറുപടിയ്ക്ക്**

**മാവൂർ ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | മാവൂർ ഗ്രാമപഞ്ചായത്തിലെ അടുവാട് കോട്ടക്കുന്ന് കോളനിയിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് അനുവദിച്ച 60 ലക്ഷം രൂപ നിർവ്വഹണ ഏജൻസിയായ കേരള വാട്ടർഅതോറിറ്റിക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസം വരാനിടയാക്കിയ കാരണം വിശദമാക്കാമോ; | (എ) | ഇല്ല.<br>2020-21 സാമ്പത്തിക വർഷത്തിൽ കോർപ്പസ് ഫണ്ട് ശീർഷകത്തിലെ ഫണ്ടിന്റെ അപര്യാപ്തത മൂലവും , തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലനിന്നിരുന്ന സാഹചര്യമായതിനാലും , പദ്ധതി പുരോഗതി റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി സമയ ബന്ധിതമായി സമർപ്പിക്കാത്തതിനാലുമാണ് പ്രസ്തുത തുക ഡെപോസിറ്റ് ചെയ്യുവാൻ സാധിക്കാതിരുന്നത്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ ഭാഗമായി പൈപ്പിടുന്നതിന് റോഡ് കട്ട് ചെയ്യാൻ പൊതുമരാമത്ത് വകുപ്പിൽ അടവാക്കേണ്ട പണം ലഭ്യമാക്കാത്തത് കാരണം പദ്ധതി പാതി വഴിയിൽ ഉപേക്ഷിക്കപ്പെടേണ്ട സാഹചര്യമാണ് നിലവിലുള്ളതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (സി) | പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ? | (സി) | പ്രസ്തുത പദ്ധതി പ്രവർത്തനങ്ങൾ നിലവിൽ ആരംഭിച്ചിട്ടുണ്ട്. നിർവഹണ ഏജൻസിയായ കേരള വാട്ടർ അതോറിറ്റി പുരോഗതി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട് . ആയതിൻ പ്രകാരം ടി പദ്ധതിക്ക് അനുവദിച്ചിട്ടുള്ള 60,00,000/- രൂപ (അറുപത് ലക്ഷം) നടപ്പു സാമ്പത്തിക വർഷത്തെ എസ് സി കോർപ്പസ് ഫണ്ടിൽ നിന്നും അനുവദിച്ച് നിർവഹണ ഏജൻസിക്ക് ഡെപോസിറ്റ് ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു . |

സെക്ഷൻ ഓഫീസർ